# പരിഗണിക്കണം മണ്ണിന്റെ ഘടന


കുട്ടനാട്ടിൽ പരിസ്ഥിതിക്ക് ഇണങ്ങുന്ന നിർമാണരീതി പ്രോൽസാഹിപ്പിക്കണം. പ്രളയവേളയിൽ രക്ഷാപ്രവർത്തനം സാധ്യമല്ലാത്ത വിധമുള്ള നിർമാണങ്ങൾ കുട്ടനാടിന്റെ പല ഭാഗങ്ങളിലുമുണ്ടായിരുന്നു. ഇത്തരത്തിലുള്ള നിർമാണങ്ങളിൽ വീണ്ടുവിചാരമുണ്ടാകണം. ഭൂവിനിയോഗം, മണ്ണിന്റെ ഘടന എന്നിവ ശാസ്ത്രീയമായി പരിഗണിച്ചുള്ള നിർമാണമാണു വേണ്ടത്.




ഇതിനായി കെട്ടിടനിർമാണ ചട്ടങ്ങൾ ശക്തമായി നടപ്പാക്കണം. ഇതിനു മേൽനോട്ട സമിതിയുണ്ടാകണം. അനാവശ്യ നിർമിതികൾ പ്രോത്സാഹിപ്പിക്കരുത്. ഇപ്പോഴുയർന്ന വെള്ളത്തിന്റെ അളവു നോക്കി വേണം ഇനിയുള്ള നിർമാണങ്ങൾ.

കോൺക്രീറ്റിൽ കുടുങ്ങിക്കിടക്കരുത് നിർമാണ സാങ്കേതികവിദ്യ. പൈലുകൾക്കു പരമ്പരാഗത രീതിയായ തെങ്ങിൻ കുറ്റികൾ മുതലായവ ഉപയോഗിക്കാം.

# ശാസ്ത്ര സാധ്യതകൾ പ്രയോജനപ്പെടുത്തണം



കേരളത്തിൽ പ്രളയ അഭയാർഥികളുണ്ടായിരിക്കുന്നുവെന്നതു ഗൗരവത്തോടെ കാണണമെന്നു 'കര തേടി കുട്ടനാട്' ചർച്ചയിൽ മോഡറേറ്ററായിരുന്ന സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ ബി. ഇക്ബാൽ.

കുട്ടനാട്ടിൽ മാത്രം ഇങ്ങനെ ഒരു ലക്ഷത്തിലേറെപ്പേരുണ്ട്. അവരുടെ പുനരധിവാസമുൾപ്പെടെയുള്ള കാര്യങ്ങൾ ചോദ്യചിഹ്നമാണ്. പ്രളയമുണ്ടാക്കിയ വെല്ലുവിളികളെ മറികടക്കാൻ നമുക്കു സാധിക്കണം.

ഇത്രയേറെ ശാസ്ത്ര, സാങ്കേതിക സ്ഥാപനങ്ങളുള്ള സംസ്ഥാനം വേറെയില്ല. ഈ സാധ്യത ഉപയോഗിച്ചുള്ള പുനഃസൃഷ്ടിയാണു വേണ്ടത്. നെല്ലുഗവേഷണത്തിലും മറ്റുമുള്ള മുന്നേറ്റങ്ങൾ കർഷകരിലെത്തണമെന്നും അദ്ദേഹം പറഞ്ഞു.